(ഡി) ഉണ്ട്. നീരാവിൽ സഹോദരസേവാസമിതിയെപ്പറ്റി കിട്ടിയ പരാതി അടിസ്ഥാനരഹിതമെന്ന് മനസ്സിലായി. വേറൊരു പരാതി ചേന്നമംഗലത്തെ ഈഴവോദയസംഘത്തെപ്പറ്റിയാണ്. ഇതു പോലീസന്വേഷണത്തിലിരിക്കുകയാണ്.

(ഇ) മിക്ക് കൻറീൻ കൺവീനറും, അസിസ്റ്റൻറ് കൺവീനറും പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ മറ്റുദ്യോഗസ്ഥന്മാരുമാണ് ഇവിടെ മേൽനോട്ടവും, പരിശോധനയും നിർവഹിക്കുന്നതു്.

(എഫ്) പഞ്ചായത്തുകൾമൂലം നടത്തുന്നതുകൊണ്ട് കൂടുതൽ കാര്യക്ഷമത ഉണ്ടാകുവാൻ സാദ്ധ്യതയില്ലെന്നാണ് ഗവൺമെൻറിൻെറ വിശ്വാസം.

പുറമറ്റം ഡിസ്പെൻസറി.

72. [31] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമറ്റം ഡിസ്പെൻസറിയുടെ അനുവാദം നീട്ടികൊടുക്കണമെന്നു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒരു പൊല്ലത്തേയ്ക്കുകൂടി അനുവാദം നീട്ടിക്കൊടുക്കാൻ ഭയവുണ്ടാകുമോ?

ഉത്തരം.

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഈ കാര്യം ആലോചനയിൽ ഇരിക്കുകയാണ്.

ആശുപത്രി വളപ്പിൽ കിടന്ന കുട്ടിയുടെ ശരീരം.

73. [32] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡിസ്ട്രിക്റ്റ് ആശുപത്രി വളപ്പിൽ ജൂൺ മാസത്തിൽ ഒരു കുട്ടിയുടെ പകുതി ശരീരം മറിക്കപ്പെട്ട രീതിയിൽ കാണുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഇതു് എങ്ങനെ സംഭവിച്ചതാണെന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പോലീസ് ഡിപ്പാർട്ടുമെൻറിൽനിന്നും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

Colachel Hospital.

74. [33] SHRI T. T. DANIEL: Will the Minister for Health be pleased to state:

(a) what is the total number of patients who were treated in Colachel Hospital in the year 1954 April to 1955 April;

LIBRARY ARCHIVES Kerala Legislative Assembly